വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന പോർട്ടുകൾ

* 237 [375] ഡോ. എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ:
,, കെ. ടി. കുമാരൻ:
,, കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര പോർട്ടുകൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) അവ എവിടെയെല്ലാം?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) നാല് പോർട്ടുകൾ.

(ബി) നീണ്ടകര, അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം.

തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കുന്നതിന് നടപടി

* 238 [376] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ജോസ് കുറ്റിയാനി:
,, കെ. സി. ജോസഫ്:
,, കെ. കെ. തോമസ്:
,, രാഘവൻ പൊഴക്കടവിൽ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

കൂലി പുതുക്കുന്നതിനു ഏതെങ്കിലും മാനേജ്മെന്റ് തടസ്സം സൃഷ്ടിക്കുന്നതായി അറിവില്ല.

കെ. എസ്. ആർ. ടി. സി. സ്റ്റാഫ് വെൽഫെയർ ഫണ്ട്

*239 [377] ശ്രീ. വി. ജെ. തങ്കപ്പൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, വി. കേശവൻ:
,, കെ. പുരുഷോത്തമൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ക്ഷേമം ഉദ്ദേശിച്ച് സ്റ്റാഫ് വെൽഫയർ ഫണ്ട് എന്ന ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ എത്ര രൂപ ഉണ്ട്;

(സി) ഈ തുക എന്തിനുവേണ്ടി വിനിയോഗിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly